**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1275** **19-06-2024 - ൽ മറുപടിയ്ക്ക്**

**നെടുമങ്ങാട് (മഞ്ച) - അരുവിക്കര - വെള്ളനാട് (കുളക്കോട്) റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നെടുമങ്ങാട് (മഞ്ച) - അരുവിക്കര - വെള്ളനാട് (കുളക്കോട്) റോഡ് നിർമ്മാണ പ്രവൃത്തിയുടെ തൽസ്ഥിതി അറിയിക്കാമോ; | (എ) | നെടുമങ്ങാട് (മഞ്ച) - അരുവിക്കര - വെള്ളനാട് (കുളക്കോട്) റോഡ് നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള 4 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. സാമൂഹിക ആഘാത പഠനം പൂർത്തീകരിച്ച് Expert Committee കൂടുന്നതിനുള്ള നടപടികൾ റവന്യൂ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ അരുവിക്കര ഡാം മുതൽ കുളക്കോട് വരെയുള്ള ഭാഗം FDR സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് നവീകരിക്കുന്നത്. FDR പ്രവൃത്തികളുടെ ടെണ്ടർ ലഭിച്ച വിശ്വ സമുദ്ര എൻജിനീയറിങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി എഗ്രിമെന്റിൽ ഏർപ്പെടാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തുന്ന ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി വേഗത്തിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 23.05.2024 - ൽ ജില്ലാ കളക്ടർ ബഹു. MLA യുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ഭൂമി ഏറ്റെടുക്കുന്നതിന് ഒരു സമയക്രമം തയ്യാറാക്കിയിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികളുടെ ചുമതല കിഫ്ബി LA യൂണിറ്റ് - 1 ൽ നിന്നും, LA യൂണിറ്റ് – ജനറലിലേക്ക് മാറ്റി. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി വിലയിരുത്തുന്നതിനായി 01.06.2024 - ൽ ബഹുമാനപ്പെട്ട MLA യുടെ സാനിദ്ധ്യത്തിൽ യോഗം ചേരുകയും റവന്യൂ വിഭാഗത്തിന് സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ